# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5493 24.05.2017 ലെ മറുപടിയ്ക്ക്

### ചികിത്സാ സഹായത്തിനായി മുഖ്യമന്ത്രിക്ക് നൽകിയിട്ടുള്ള അപേക്ഷ

| | ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ചികിത്സാസഹായത്തിനായി മുഖ്യമന്ത്രിക്ക് നൽകിയിട്ടുള്ള അപേക്ഷകൾ കൃത്യമായ മിനിട്ട്സ് ഉൾപ്പെടെ റിപ്പോർട്ടിനായി താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഓൺലൈൻ ആയി നൽകുമ്പോൾ ആയതിന് റിപ്പോർട്ട് അയക്കാതെ മാസങ്ങളായി കെട്ടി കിടക്കുന്ന വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ റിപ്പോർട്ടിനായി നൽകുന്ന അപേക്ഷകളിൽ റിപ്പോർട്ട് അയച്ചു തരുന്നതിനു കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് . |
| (ബി) | ഇത്തരത്തിൽ റിപ്പോർട്ട് അയക്കാതെ കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട് ;വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ താലൂക്കുകളിലും വില്ലേജുകളിലുമായി ഓൺലൈനായി ലഭ്യമായ നാനൂറോളം അപേക്ഷകൾ വിവിധ കാരണങ്ങളാൽ റിപ്പോർട്ട് സമർപ്പിക്കാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലും ഓൺലൈനിൽ നേരിട്ടിട്ടുള്ള പ്രശ്നങ്ങൾമൂലവുമാണ് ഇത്. മറ്റെല്ലാ അപേക്ഷകളിലും യഥാസമയം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>10,000/- രൂപ വരെ ധനസഹായം അനുവദിക്കേണ്ടത് ജില്ലാ കളക്ടർ ആയതിനാൽ അത്തരത്തിലുള്ള അറുന്നൂറോളം അപേക്ഷകൾ ജില്ലാ കളക്ടറുടെ ഓൺലൈൻ ലോഗിനിലും തീർപ്പാക്കുന്നതിനായി ശേഷിക്കുന്നുണ്ട് . |
| (സി) | ഈ അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് അയപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | കാലതാമസം നേരിട്ട അപേക്ഷകളിൽ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ വില്ലേജ് - താലൂക്ക് 'തലത്തിൽ കർശന നിർദ്ദേശം ജില്ലാ കളക്ടർമാർ നൽകിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |